(ജി) ഇല്ല.

(എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

(ഐ) 12-6-2002-ൽ റിപ്പോർട്ട് ടേബിൾ ചെയ്തിട്ടുണ്ട്. ഇത് നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്.

സർക്കാർ നിയമനങ്ങളിലെ എസ്.സി/എസ്.ടി. ബാക്ക് ലോഗ്

103 (5508) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നിയമനങ്ങളിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് നിയമന കുറവ് (ബാക്ക് ലോഗ്) ഉണ്ടായിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഏതുവർഷം വരെ റിവ്യൂ നടത്തിയിട്ടുണ്ട് ; അവസാന റിവ്യൂ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വകുപ്പുകളിൽ എത്ര വീതമാണ് നിയമന കുറവുള്ള തെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനക്കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ നിയമനങ്ങളിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് നിയമന കുറവ് (ബാക്ക്ലോഗ്) ഉണ്ടായിട്ടുണ്ട്. 1-1-2008 അടിസ്ഥാനമാക്കി ആകെ 83-ൽ 81 വകുപ്പുകളുടെയും 1-1-2009 അടിസ്ഥാനമാക്കി 66 വകുപ്പു കളുടെയും 1-1-2010 അടിസ്ഥാനമാക്കി 23 വകുപ്പുകളുടെയും റിവ്യൂ പൂർത്തി യായിട്ടുണ്ട്. 1-1-2008 അടിസ്ഥാനമാക്കിയുള്ള റിവ്യൂ സ്റ്റേറ്റ്മെന്റ് അനുബന്ധം I-ൽ ചേർക്കുന്നു.*

(ബി) ഉത്തരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി&ഡി) നിയമനകുറവ് നികത്തുന്നതിനായി കുറവുള്ള തസ്തികകൾ സംവരണം ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് വകുപ്പദ്ധ്യക്ഷൻമാർക്കും പി.എസ്.സി. സെക്രട്ടറിക്കും തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ബാക്കലോഗ് ഉള്ള വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുഭരണ സെക്രട്ടറി മീറ്റിംഗ് നടത്തുകയും നടപടി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly